STATE POLICE MEDIA CENTRE
KERALA POLICE
Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.09/PR/SPMC/PHQ/2024 Date:03.02.2024

## സ്റ്റുഡൻറ് പോലീസ് കേഡറ്റ് വാർഷിക ക്യാമ്പ് ഞായറാഴ്ച മുതൽ; സംസ്ഥാനതല ക്വിസ് മത്സരം വ്യാഴാഴ്ച

സ്റ്റുഡൻറ് പോലീസ് കേഡറ്റിന്റെ വാർഷിക സഹവാസ ക്യാമ്പ് ഞായറാഴ്ച മുതൽ ഫെബ്രുവരി 11 വരെ തിരുവനന്തപുരത്ത് എസ്.എ.പി ക്യാമ്പിൽ നടക്കും. സംസ്ഥാനത്തെ വിവിധ സ്കൂളുകളിൽ നിന്നായി 650 കേഡറ്റുകളാണ് എസ്.പി.സി യംഗ് ലീഡേഴ്സ് കോൺക്ലേവ് എന്ന പരിപാടിയിൽ പങ്കെടുക്കുന്നത്.

ക്യാമ്പിന്റെ ഉദ്ഘാടനം വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി ഞായറാഴ്ച വൈകുന്നേരം മൂന്നു മണിക്ക് എസ്.എ.പി ക്യാമ്പിൽ നിർവഹിക്കും. സമാപന സമ്മേളനം ഫെബ്രുവരി 11 ന് വൈകിട്ട് നാലുമണിക്ക് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. സംസ്ഥാനതല ക്വിസ് മത്സരം ഫെബ്രുവരി എട്ടിന് വൈകിട്ട് ആറു മുതൽ നടക്കും. ജി.എസ്. പ്രദീപ് ആണ് ക്വിസ് മാസ്റ്റർ. സന്തോഷ് ജോർജ് കുളങ്ങര മുഖ്യാതിഥിയായിരിക്കും.

ഫെബ്രുവരി 11ന് രാവിലെ എട്ടുമണിക്ക് എസ്.എ.പി ഗ്രൗണ്ടിൽ നടക്കുന്ന സെറിമോണിയൽ പരേഡിൽ ധനമന്ത്രി കെ.എൻ ബാലഗോപാൽ അഭിവാദ്യം സ്വീകരിക്കും.

സമൂഹത്തിന്റെ വിവിധ തുറകളിലെ പ്രഗത്ഭരുമായി സംവദിക്കാൻ ക്യാമ്പിലെ അംഗങ്ങൾക്ക് അവസരം ഉണ്ടായിരിക്കും. ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ, ഐ.എസ്.ആർ.ഒ ചെയർമാൻ എസ്. സോമനാഥ്, മുൻ ഡി.ജി.പി ജേക്കബ് പുന്നൂസ്, ക്രിക്കറ്റ് താരം മിന്നു മണി, സിനിമ സംവിധായകൻ ബേസിൽ ജോസഫ്, ഏഷ്യൻ പാരാ ഗെയിംസിൽ സ്വർണ്ണമെഡൽ ജേതാവായ റൈഫിൾ ഷൂട്ടർ സിദ്ധാർത്ഥ ബാബു, പർവ്വതാരോഹകൻ ഷെയ്ക്ക് ഹസ്സൻ ഖാൻ എന്നിവർ വിവിധ ദിവസങ്ങളിൽ പരിപാടികളിൽ പങ്കെടുക്കും. സിവിൽ സർവീസ് ഉദ്യോഗസ്ഥരായ ഡി.രഞ്ജിത്ത്, അശ്വതി ജിജി, എം.പി ലിപിൻ രാജ് എന്നിവർ കുട്ടികളെ അഭിസംബോധന ചെയ്യും. സിനിമാതാരങ്ങളായ സുരാജ് വെഞ്ഞാറമ്മൂട്, കീർത്തി സുരേഷ് എന്നിവരും കുട്ടികളെ കാണാൻ എത്തും. മൂന്നു സൈനിക വിഭാഗങ്ങളിലേയും കോസ്റ്റ് ഗാർഡിലേയും ഉദ്യോഗസ്ഥരോട് ഇടപഴകാനും കുട്ടികൾക്ക് അവസരം ഒരുക്കിയിട്ടുണ്ട്.

വിവിധ വിഷയങ്ങളിൽ കുട്ടികൾക്ക് അവഗാഹം പകരുന്ന നിരവധി ക്ലാസുകളും മറ്റും ക്യാമ്പിൽ ഒരുക്കിയിട്ടുണ്ട്. ക്യാമ്പിന്റെ ഭാഗമായി നിയമസഭ, വിഴിഞ്ഞം തുറമുഖം, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, അരുവിക്കര ജലശുദ്ധീകരണശാല, മുട്ടത്തറ സ്വീവറേജ് പ്ലാൻറ്,

ഗ്ലോബൽ സയൻസ് ഫെസ്റ്റിവൽ, മാധ്യമസ്ഥാപനം എന്നിവ സന്ദർശിക്കാനും കുട്ടികൾക്ക് അവസരമൊരുക്കിയിട്ടുണ്ട്.

*****************************